

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2022
ജൂൺ 12

ശ്ലീഹാ രണ്ടാം ഞായർ    പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ




# സ്നേഹത്തിന്റെ ആനന്ദം

പുറ 19:1-8, റോമ 5:1-5, യോഹ 16:12-15

'വാതിൽ വെയ്ക്കാത്ത വീടിനുമുന്നിൽ തച്ചന്റെ  നടത്തം നിൽക്കും'

വല്യ തച്ചന്റെ മകനാണവൻ. അച്ഛനെക്കാളും കേമൻ. ഒരു തൊഴിലെങ്കിലും മക്കളെ പഠിപ്പിക്കാത്ത പിതാക്കന്മാരെ മോശക്കാരായി കണ്ടിരുന്ന കാലം.

തടിയിൽ നിന്ന് ഉരുപ്പടി ഉണ്ടാക്കുന്ന മാന്ത്രികവിദ്യ ജീവിതംകൊണ്ട് മകനെ പഠിപ്പിച്ചു ആ വളർത്തച്ഛൻ, യൗസേപ്പ്. മറിയം മകനെ ഉദരത്തിൽ ചുമന്നപ്പോൾ യൗസേപ്പ് ഹൃദയത്തിൽ സംവഹിച്ചു.

മറിയം 'ഇതാ കർത്താവിന്റെ ദാസി' എന്നുറക്കെ പറഞ്ഞപ്പോൾ യൗസേഫ് ഇതാ കർത്താവിന്റെ ദാസൻ എന്ന് മനസ്സിൽ മന്ത്രിച്ചു. ആണധികാരത്തിന്റെ മൂർത്ത കാലത്തിൽ ഒരു പെണ്ണിനെ സമൂഹത്തിനു മുൻപിൽ തല ഉയർത്തി നിർത്താൻ ഒരു മാസ്റ്റർ ബ്രെയിനായി വർത്തിച്ചു. ആ അച്ഛൻ വളർത്തിയ മോനാണ് ഈ തച്ചൻ.

വാതിലിലില്ലാത്ത വീട് എന്നാൽ അരക്ഷിതാവസ്ഥയുടെ ഇടം എന്ന് കൂടെ ചേർത്ത് വായിക്കാം. അവിടെ വിശ്വാസവും പ്രത്യാശയും ചേർത്തൊരു സ്നേഹവാതിൽ ഉറപ്പിക്കാൻ വന്നവൻ. മരങ്ങൾ മേരിയും വസന്തം ക്രിസ്തുവും തെന്നൽ പരിശുദ്ധാത്മാവുമാകുന്നത് റൂമിയുടെ വരികളിൽ. അപ്പോൾ യൗസേപ്പ്? സുഗന്ധം ആയിരിക്കുമല്ലേ ഫോട്ടോ ഫ്രെയിമിൽ വരാത്ത എന്നാൽ നിഷേധിക്കാനാവാത്ത സാന്നിധ്യം. അങ്ങനെയാവാൻ കൊതിയാവുന്നില്ലേ? ചെടികളും പൂക്കളും തെന്നലും വസന്തവുമെല്ലാം നിറഞ്ഞാടുകയാണ് നന്മയുടെ പക്ഷത്ത്. എന്നിട്ടും ചില തമോഗർത്തങ്ങൾ എന്തുകൊണ്ട് ചിലരെ വിഴുങ്ങുന്നു?

## തമോഗർത്തങ്ങൾ

ഗ്രഹങ്ങളെയും നക്ഷത്രസമൂഹങ്ങളെത്തന്നെയും വലിച്ചെടുത്ത് എങ്ങോട്ടെന്നില്ലാതെ അപ്രത്യക്ഷമാക്കുന്ന തമോഗർത്തങ്ങൾ എന്ന ഇരുൾ ചുഴികൾ ശാസ്ത്ര ലോകത്തിന്റെ പേടിസ്വപ്നമാണ്. സ്വയം തിരഞ്ഞെടുക്കുന്ന ഇരുൾ കുഴികളിലേക്ക് നഷ്ടപ്പെട്ടുപോകുന്ന മനുഷ്യജന്മങ്ങളെ പറ്റി, ഒരു ഞെട്ടലോടെയല്ലേ ബോബി ജോർജ് എഴുതിയ വിചിന്തനത്തിൽ (may 29, 2022) നമ്മൾ വായിച്ചത് ?! 40 സെക്കൻഡിൽ ഒരാൾ! വിശ്വസിക്കാനാവുന്നില്ല. പ്രത്യാശയുടെ വാതിൽ പണിയാൻ ഒരു തച്ചൻ സദാസമയവും




റെജിൻ ജോർജ്

കൂടെയുണ്ടെന്ന് ഓർക്കാതെ പോകുന്നതെന്തേ?

ഒരുവേള ചേർത്തുപിടിക്കാൻ ഒരാൾ ഉണ്ടായിരുന്നുവെങ്കിൽ യൂദാസും ആത്മഹത്യ ചെയ്യില്ലായിരുന്നു. ജീവിതം ഒളിപ്പിച്ചു വച്ചിരിക്കുന്ന സമസ്യകൾ എന്തൊക്കെയെന്ന് ഒന്നറിയാൻ പോലും കാത്തു നിൽക്കാതെ വഴിയാത്രക്കാരനെപ്പോലെ നടക്കുന്ന ഒരാൾ നിറഞ്ഞു കവിഞ്ഞൊഴുകുന്ന പുഴയിലേക്ക് എടുത്തു ചാടുന്നു ; മൊബൈൽ ഫോണിന് അഡിക്റ്റ് ആണെന്ന് എഴുതിവെച്ച് 16കാരി ദുപ്പട്ട കുരുക്കിൽ തീരുന്നു.

ഭീരുത്വം, നിരാശ, കുറ്റബോധം, അസ്ഥിരത എന്നിങ്ങനെയുള്ള നെഗറ്റീവിറ്റിയെ അതിജീവിക്കാൻ നമുക്ക് കഴിയണമെങ്കിൽ പരിശുദ്ധാത്മാവിന്റെ കൃപ കൂടിയേതീരൂ. പരിശുദ്ധാത്മാവിന്റെ കൃപ ലഭിച്ചിരുന്നുവെങ്കിൽ യൂദാസ് ഒരു സുവിശേഷ പ്രചാരകൻ ആയിരുന്നേനെ എന്ന് വിശ്വസിക്കാനാണിഷ്ടം. എങ്കിൽ, ചരിത്രം മറ്റൊന്നാകുമായിരുന്നു. അപ്പോൾ ഒരു ചോദ്യം- എന്താണ് കൃപ?അർഹതപ്പെട്ടത് ചോദിച്ചു കിട്ടുന്നത് ആണോ? അതോ അനർഹൻ ഏറ്റുവാങ്ങുന്ന ദാനമാണോ?

ദാനം ആണെങ്കിൽ അത് വാങ്ങാൻ എളിമ വേണം താഴ്മ വേണം. ഇത് എനിക്കുള്ളതാണെന്നും ഞാൻ ഇതിന് അർഹനാണെന്നുമുള്ള ധാർഷ്ട്യമല്ല. മറിച്ച്, ഞാൻ ഇതിന് അർഹനല്ല എന്ന ചിന്തയോടെയുള്ള, ചെയ്തുപോയ തെറ്റുകളെ കുറിച്ചുള്ള ബോധ്യത്തോടെയുള്ള ചുങ്കക്കാരന്റെ ചിന്തകളാണ് താഴ്മ. ഫരിസേയന്റെ ചിന്തകളല്ല ശരിയെന്നറിയുമ്പോൾ തിരിച്ചറിവുകൾക്ക് 'കൊടു കൈ' പറയാം. ഫരിസേയൻ തന്നെത്തന്നെ നീതിമാനായാണ് കാണുന്നത്.

ഇക്കൂട്ടത്തിൽ ഒരേയൊരു പാപിയെയുള്ളൂ അതു താനാണെന്നാണ് ചുങ്കക്കാരൻ ചിന്തിക്കുന്നത്. സകല പാപികളിലും വച്ച് താനാണ് ഒന്നാമനെന്ന പൗലോസ് ശ്ലീഹ ആവർത്തിക്കുന്നതും ഓർക്കുന്നില്ലേ? പാപം ചെയ്തു പോയതിലുള്ള കുറ്റബോധാവസ്ഥയിൽ നിന്ന് രക്ഷപ്പെടാനാണ് ഒരുവനെ സഹായിക്കേണ്ടത്. കുറ്റബോധത്തിന്റെ പിടിയിൽ പെട്ട് ആ ഇരുട്ടു കുഴിയിലേക്ക് സ്വയം ഇല്ലാതാകുന്ന ഒരുവനല്ല ഉണ്ടാവേണ്ടത്. ഈ ചുഴിയിൽ നിന്ന് രക്ഷപ്പെടാൻ കൃപ വേണം; പരിശുദ്ധാത്മാവിന്റെ കൃപ; സത്യാത്മാവിന്റെ കൃപ. ജീവജലമാണ് ഈ കൃപ. ജീവജലത്തിന്റെ ഉറവ പിതാവ് എങ്കിൽ, ദാതാവ് ക്രിസ്തുവും ജീവജല പ്രവാഹം പരിശുദ്ധാത്മാവുമാണ്. ആന്തരിക ഊർജ്ജം തന്നെയത്രെ ഈ ജീവജലം. ജീവിതത്തിലെ പ്രതിസന്ധി ഘട്ടങ്ങളിൽ ദൈവത്തെ സ്തുതിക്കാനാകുന്നുവെങ്കിൽ, അതാണ് കൃപ.

## ത്രിത്വം

ത്രിത്വം - ദൈവ സങ്കൽപ്പത്തിലെ കേന്ദ്ര സിദ്ധാന്തം. ഏകനായ ദൈവത്തിൽ വ്യതിരിക്തമായ മൂന്നാളുകൾ. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിനെ സംബന്ധിച്ച ക്രിസ്തീയ ദൈവശാസ്ത്രമാണ് ന്യൂമറ്റോളജി (Pneumatology.)

പരിശുദ്ധാത്മാവ് ആശ്വാസദായകൻ ആണ്. സഹായകൻ ആണ് സത്യാത്മാവ് ആണ്. ഒരു കാര്യസ്ഥനെ പോലെ നമ്മെ കൊണ്ടുനടക്കുന്നത് പരിശുദ്ധാത്മാവാണ്. സൃഷ്ടിക്കുന്നതും വീണ്ടെടുക്കുന്നതും പവിത്രീകരിക്കുന്നതും തമ്മിലുള്ള സന്തുലിതമായ ഒരു ബന്ധമാണ് ത്രിത്വം എന്ന് പറയാം. ത്രിത്വ ഗുണങ്ങളെ പല മാതൃകകളിൽ പരിചയപ്പെടുത്താം.

ഭാരതീയ സങ്കല്പത്തിൽ 'സൃഷ്ടി സ്ഥിതി സംഹാരം' എന്ന ത്രിത്വ ഗുണങ്ങളെക്കുറിച്ച് പറയുന്നുണ്ടല്ലോ. മനസ്സും ബുദ്ധിയും ബോധവും എന്നോ അല്ലെങ്കിൽ ചിന്തയും ബുദ്ധിയും ജ്ഞാനവും എന്നോ ഈ ത്രിത്വ ഗുണങ്ങളെ വിവക്ഷിക്കാം. മനസ്സ്, ചിന്ത, ബുദ്ധി, ബോധം ഇവയെല്ലാം നമ്മുടെ വിചാരപരിധികളിൽ വ്യക്തമാകുമ്പോഴും സംഹാരം എന്ന പദം അല്പം കഷ്ടപ്പെടുത്തുക തന്നെ ചെയ്യും. സംഹാരം എന്നാൽ പരമാത്മ ബോധം. എന്തിനുള്ള പരമാത്മ ബോധം? - ഭൗതിക സുഖ ലാഭ മോഹങ്ങളെ സംഹരിക്കാനുള്ള അഥവാ അവയോട് ചഛ പറയാനുള്ള ആർജ്ജവം.

കഷ്ടതകളുടെയും നിന്ദകളുടെയും പരിഹാസങ്ങളുടെയും മലവെള്ളപ്പാച്ചിലുണ്ടാക്കുന്ന വ്യർത്ഥ ചിന്തകളെ സംഹരിക്കാനുള്ള ആത്മബോധം.

അങ്ങനെയെങ്കിൽ സ്വന്തം ഇഷ്ടങ്ങളെ യാഗപീഠത്തിൽ ബലിയർപ്പിക്കേണ്ടി വന്നേക്കാം. അബ്രഹാം മുതലിങ്ങോട്ട് സ്വന്തം പ്രിയപ്പെട്ടതിനെ യാഗപീഠത്തിൽ വെക്കാൻ തയ്യാറാകുന്ന എത്രയോ ചരിത്ര നിമിഷങ്ങൾ. വിശ്വാസം ഒരു തോന്നലല്ല; വിശ്വാസം ഒരു നിലപാടാണെന്ന്, ഫലം കായ്ക്കാൻ വേരുകളോട് സത്യസന്ധത പുലർത്തണമെന്ന് തിരിച്ചറിയാൻ ചില ചോദ്യങ്ങൾ സ്വയം ചോദിക്കാം :

നിനക്ക് സ്നേഹം ഉണ്ടോ? മേന്മയേറിയതിനോടും വിലയേറിയതിനോടും അധികാരത്തോടുമുള്ള സ്നേഹമല്ല. നിന്റെ പരിസരങ്ങളോട് നിന്റെ ചുറ്റുമുള്ളവരോട് നിനക്കുള്ളതിനോട് സ്നേഹമുണ്ടോ ?

നീ സന്തോഷവാനാണോ?

നീ സമാധാനത്തിലാണോ ജീവിക്കുന്നത്?

യുദ്ധം ഇല്ലാതിരിക്കുന്നതല്ലല്ലോ സമാധാനം. നീതി ഉറപ്പാക്കുന്നതാണത്.

നിനക്ക് യഥാർഥത്തിൽ നല്ല ക്ഷമ ഉണ്ടോ?

ദയാപൂർവ്വം പെരുമാറാൻ നിനക്ക് കഴിയാറുണ്ടോ?

പേര് കിട്ടാനല്ലാതെ പരോപകാരം ചെയ്യാൻ കഴിയുന്നുണ്ടോ?

സൗമ്യമായി ഇടപെടാൻ യഥാർത്ഥത്തിൽ കഴിയുന്നുണ്ടോ?

സത്യം പറയൂ... നീ വിശ്വസ്തൻ ആണോ?

ചിന്തകളിൽ, പ്രവൃത്തികളിൽ,

നിന്റെ ജോലിയോട്, നല്ലപാതിയോട്, മക്കളോട്, സമൂഹത്തോട്, രാജ്യത്തോട്,

നിന്റെ ദൈവത്തോട്.... വിശ്വസ്തത പുലർത്താൻ ആവുന്നുണ്ടോ ?

ഇനി ഒരു ചോദ്യം കൂടി...

ഇന്ദ്രിയജയം കൈവരിക്കാൻ ആയിട്ടുണ്ടോ?

ഇത്തരം മണ്ടൻ ചോദ്യങ്ങൾ ആരെങ്കിലും ചോദിക്കുമോ എന്ന മറുചോദ്യം കേൾക്കാനിട വരാതിരിക്കട്ടെ.

‘ഇന്ദ്രിയജയം വരികിലെത്ര
സുഖമോർത്താൽ

ഇന്ദ്രപദലാഭവുമതിന്നു സമമല്ല’
സ്കൂൾ പഠനകാലത്തുരുവിട്ട ഈ വരികളുടെ അർത്ഥവ്യാപ്തിയറിയാൻ എത്രയോ കാലമെടുത്തു

പ്രിയപെട്ടവരെ, മേൽസൂചിപ്പിച്ച സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, പരോപകാരം, സൗമ്യത, ദയ, വിശ്വസ്തത, ഇന്ദ്രിയ ജയം.... ഇപ്പഞ്ഞൊതൊക്കെ നമ്മിലുണ്ടെങ്കിൽ പരിശുദ്ധത്മാവിന്റെ കൃപ നമ്മിലുണ്ടെന്നുറപ്പിക്കാം. അതായത് ഈ അനുഗ്രഹങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം കൂടിയേ തീരൂ എന്ന് സാരം.

## മങ്ങിയ നീല ബിന്ദു

അഹങ്കാരത്തിന്റെ മൂർച്ചയിൽ വാക്കുകൾ വാളുകളാകുമ്പോൾ, ഒരുവേള ഓർത്തുപോകുന്നത് കോസ്മോസ് എന്ന ജനപ്രിയ ടെലിവിഷൻ പരമ്പരയിലൂടെ പ്രശസ്തനായ കാൾ സാഗൻ എന്ന ശാസ്ത്രജ്ഞന്റെ മങ്ങിയ നീല ബിന്ദു (Pale blue dot ) എന്ന രചനയെ കുറിച്ചാണ്. ഒരുപാട് അകലെ നിന്നെടുത്ത ഒരു ഫോട്ടോയിൽ ഒരു മങ്ങിയ നീല ബിന്ദു പോലെ മാത്രം കാണപ്പെട്ട ഭൂമിയെക്കുറിച്ച്, ഭൂമിയിലെ ജീവിതത്തിന്റെ നശ്വരതയെ കുറിച്ച് കാൾ സാഗൻ പറയുന്നു. അദ്ദേഹത്തിന്റെ ചിന്തകളെ നാലപ്പാട്ടിന്റെ 4 വരിയിലേക്ക് ഒതുക്കാമെന്ന് തോന്നുന്നു.

‘അനന്ത, മജ്ഞാത, മവർണ്ണനീയ-
മീലോകഗോളം തിരിയുന്ന മാർഗ്ഗം,
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തു
കണ്ടു?’

ഈ ജീവിതത്തെകുറിച്ച്, പ്രപഞ്ചത്തെക്കുറിച്ച് നമുക്ക് അറിയാവുന്നത്....
‘കഥയറിയാതെ കളിയരങ്ങിൽ
കാണിയായി നീയിരുന്നു’... എന്ന
മട്ടിലാണ്.

അങ്ങനെയാണെങ്കിലും പ്രാർത്ഥനാനിർഭരമായ ഒരു പള്ളിയോ മഴ കഴിഞ്ഞ് വെയിൽ കായുന്ന മരങ്ങളോ താഴ്‌വാരത്തെ ചെങ്കടലാക്കുന്ന വാകപൂക്കളോ ഒക്കെയും തന്നെ ജീവിതത്തിന്റെ സൗന്ദര്യത്തെക്കുറിച്ചും ആവർത്തിക്കുന്നു.

## യാത്രകളുടെ പുസ്തകം

ജീവിതം തന്നെ ഒരു യാത്രയാണ്. ബൈബിൾ എന്നാൽ യാത്രകളുടെ പുസ്തകം എന്നും പറയാം. പുറപ്പാട് മുതലിങ്ങോട്ട് ഗാഗുൽത്താമല വരെ എത്രയോ യാത്രകൾ

ജീവിതം ഒരു സുവിശേഷമാക്കി മാറ്റുമ്പോൾ, പോകുന്നത് സ്നേഹിതരുടെ മാത്രം ഇടയിലേക്കല്ല എന്ന് തിരിച്ചറിയുമ്പോൾ, എസക്കിയേൽ പ്രവാചകന്റെ വാക്കുകൾ പ്രസക്തമാകുന്നു. പ്രവാചകൻ അടിവരയിട്ട് പറയുന്നുണ്ട് ആത്മാവ് ഉള്ളിൽ പ്രവേശിച്ചപ്പോഴാണ് കാലുറപ്പിച്ച് നിൽക്കാനായതെന്ന് . ധിക്കാരികളുടെ അടുത്തേക്ക് തന്നെയാണ് പോകുന്നത്; എന്നാൽ ഒട്ടും പേടിക്കേണ്ട. അവർ കേട്ടാലും ഇല്ലെങ്കിലും നീ പറഞ്ഞേ മതിയാവൂ. ഇതൊക്കെയാണ് നിബന്ധനകൾ.

മുള്ളും മുൾച്ചെടി യും ഉണ്ടാകും...ടേക്ക് ഇറ്റ് ഈസി. തേളുകളുടെ മുകളിൽ പോലും ഇരിക്കേണ്ടി വന്നേക്കാം.... നത്തിങ് ടു വറി.

തീക്കല്ലുപോലെ കാഠിന്യമുള്ള ഒരു കൂട്ടത്തിന്റെ അടുത്തേക്ക് പോകുമ്പോൾ നിങ്ങൾ വജ്രക്കല്ല് പോലെയാകണം. അതിനു പരിശുദ്ധാത്മാവിന്റെ കൃപ മതി. എത്ര ശക്തമായ പിന്തുണ, അല്ലേ ?

വിശുദ്ധ പൗലോസ് അജപാലകർക്കുള്ള ലേഖനത്തിൽ കർത്താവിന്റെ കൃപ യേശുക്രിസ്തുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും ഒപ്പം കവിഞ്ഞൊഴുകുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പാപികളിൽ ഒന്നാമനായിരുന്നിട്ടും കരുണ ലഭിച്ചുവെന്ന് ഏറ്റു പറയുന്നുമുണ്ട്. ഈ കൃപ ലഭിച്ചവർക്കേ കണ്ണീരുകൊണ്ട് കാൽപാദങ്ങൾ കഴുകാനാവൂ, തലമുടി കൊണ്ട് തുടക്കാനാവു, പാദങ്ങളിൽ ചുംബിക്കാനാകൂ.

ഈ വിശ്വാസമുള്ളവർക്കേ ‘നീ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കില്ലായിരുന്നു’ എന്ന് ഉറക്കെ പറയാനാകൂ. വാഗ്ദാനം ലഭിക്കുന്നത് നിയമത്തിലൂടെയല്ല, വിശ്വാസത്തിന്റെ നീതിയിലൂടെയാണ്.

നമ്മുടെ കുടുംബബന്ധങ്ങളിൽ ഈ വാചകം ആവർത്തിക്കപ്പെടേണ്ടതല്ലേ? വികാരവിക്ഷോഭങ്ങൾ നിറഞ്ഞ പ്രതികരണങ്ങളല്ല, വിചാര വിവേകത്തിന്റെ സത്യസമീപനങ്ങളാണ് ഏതൊരു കൂട്ടായ്മയുടെയും ഇടയൻമാരിൽ നിന്നുണ്ടാകേണ്ടത്.

അവർക്ക് പരിശുദ്ധാത്മാവിന്റെ കൃപ ലഭിക്കാനും സന്തോഷ ചിത്തരായി നയിക്കാനും നമ്മുടെ പ്രാർത്ഥനകൾ കാരണമാകട്ടെ

## സ്പോൺസറും മാനേജരും

യാത്രകളെ പറ്റി പറയുമ്പോൾ പുറപ്പാടിനെപ്പറ്റി പറയാതെ തീർക്കാനാവില്ലല്ലോ. അതൊരു യാത്രയാണ്. അതിനാൽ തന്നെ അതൊരു യാത്രാവിവരണവും ആണ്.

ഈ യാത്രയുടെ സ്പോൺസർ ദൈവമാണ്. ഭക്ഷണവും വഴിയും താമസവുമൊക്കെ കൃത്യമാക്കി നയിക്കുകയാണ് ജനതയെ, ചരിത്രത്തെ. ഇസ്രായേൽ ജനത്തിന്റെ ഈ ‘പുറപ്പാട് യാത്ര’യുടെ മാനേജർ മോശയാണ്. ( പനച്ചിയുടെ പരാമർശം, ഭാഷപോഷിണി ജൂൺ ലക്കം) കോഡ് ഓഫ് കോൺഡക്റ്റ് പറയുന്നതും സ്പോൺസറുടെ ഓഫറുകൾ അറിയിക്കുന്നതും ഈ മാനേജരാണ്. നിങ്ങൾ എന്റെ കൽപനകൾ അനുസരിച്ചാൽ ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനതയും ആയിരിക്കും. ഈ ഓഫറുകൾ പരിമിതകാലത്തേക്കുള്ളതല്ല. ഇതൊരു ആജീവനാന്ത ഓഫറാണ്.

## നിശബ്ദ ഉത്സവം

പരിശുദ്ധാത്മാവിന്റെ പെരുന്നാൾ കൊട്ടും കുരവയും ഇല്ലാത്ത ഒരു ഉത്സവം ആണെന്ന് പറയാം,നിശബ്ദ ഉത്സവം. ബാലിയിലെ (SK പൊറ്റെക്കാട്ടിന്റെ ബാലി തന്നെ ) ന്യേപി എന്ന നിശബ്ദ ഉത്സവത്തെപ്പറ്റി വായിച്ചതോർക്കുന്നു. സംഗീതമില്ല, നൃത്തമില്ല, വിനോദമില്ല. വെളിച്ചം പോലും പരിമിതപ്പെടുത്തുന്ന പുണ്യ അവധി ദിനം. 24 മണിക്കൂർ നഗരം മുഴുവൻ അടച്ചിടുന്നു. ഈശ്വരനോട് മൗനത്തിലൂടെ സംവദിക്കുകയാവും.

സന്തോഷമുള്ള മനസ്സിലെ സമാധാനം ഉണ്ടാവുകയുള്ളൂ. സ്നേഹമുള്ള മനസ്സിലെ സന്തോഷം ഉണ്ടാവുക യുള്ളൂ.

ഫ്രാൻസിസ് പാപ്പ പറയുന്നപോലെ സ്നേഹത്തിന്റെ ആനന്ദം അനുഭവി ക്കാനുള്ള കൃപ നമുക്ക് ലഭിക്കട്ടെ. നമ്മുടെ ജീവിതത്തോട് പ്രണയം തോന്നുക എന്നുള്ളതാണ് ആദ്യമായി ഉള്ളിൽ അങ്കുരിക്കേണ്ട ഭാവം. പ്രണയമില്ലെങ്കിൽ ആരാധനയെല്ലാം ബാധ്യതയാവും; നൃത്തമെല്ലാം വെറും പ്രവൃത്തി ആകും ; സംഗീതമെല്ലാം വെറും ശബ്ദമാകും; മാനത്തു നിന്നുതിരുന്ന മഴത്തുള്ളികളിൽ ഒന്നുപോലും പ്രണയമില്ലെങ്കിൽ മുത്തായി മാറുകയില്ല.

എന്റെ രോഗാതുരമായ മനസ്സിനെ സുഖപ്പെടുത്താനുള്ള ശമനൗഷധം ഞാൻ തന്നെയാണെന്ന്, എന്റെ കലുഷിതമായ ജീവിതത്തിന്റെ പ്രശ്നപരിഹാരത്തിനുള്ള മാജിക് ബോക്സിന്റെ ചാവി ഞാൻ തന്നെയാണെന്ന് തിരിച്ചറിയുന്ന നിമിഷം. ആ നിമിഷത്തെ വേണമെങ്കിൽ കൃപയുടെ നിമിഷം എന്ന് വിളിക്കാം. സന്തോഷത്തിന്റെ സീക്രട്ട് 'അവനെ എപ്പോഴും ചിരിപ്പി ക്കാൻ ഞങ്ങൾ ശ്രമിക്കും. ഏത് സമ്മർ ദ്ദത്തിൽ നിന്നും കരകയറ്റാൻ അത് അവനെ സഹായിക്കും.' ഒളിമ്പിക്സ് ചാമ്പ്യൻ ഉസൈൻ ബോൾട്ടിന്റെ അമ്മയുടെ വാക്കുകളാണിത്.

വിജയികൾക്ക് ആഹ്ലാദം ഒരു വിജയ തന്ത്രമാണ്. ടെക്സാസ് സർവകലാ ശാലയിലെ പ്രൊഫസർ രാജ് രഘു നാഥ് എഴുതിയ ഒരു പുസ്തകം ഉണ്ട്: നിങ്ങൾ അത്രമേൽ മിടുക്കനാണെങ്കിൽ എന്തുകൊണ്ട് ആഹ്ലാദവാനാകാൻ പറ്റുന്നില്ല ? ( If You Are So Smart, Why Aren't You Happy )

2016ൽ ഇറങ്ങിയ ഈ ഗ്രന്ഥത്തിൽ സന്തോഷത്തിന്റെ 4 ചേരുവകളെ ക്കുറിച്ച് പറയുന്നുണ്ട്. അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണവും പാർപ്പിടവും കഴിഞ്ഞാൽ ഈ 4 ചേരുവകൾ ഉണ്ടെങ്കിൽ ഒരാൾക്ക് ആഹ്ലാദവാനായിരിക്കാൻ സാധിക്കും എന്നാണ് പറയുന്നത്. പാരസ്പര്യവും പ്രാവീണ്യവും സ്വയം ഭരണവും പിന്നെ മനോഘടനയും ചേർന്നതാണ് ഈ ചേരുവകൾ.

ഉചിതമായ ചേരുവകളാൽ ആഹ്ലാ ദമുള്ള പരിസരങ്ങൾ ഉണ്ടാക്കിയെടു ക്കാൻ നമുക്ക് കഴിയട്ടെ. പ്രത്യാശയുടെ ഒരു വിത്ത് മതി നല്ല പരിസരം ഉണ്ടാക്കിയെടുക്കാൻ; സന്തോഷ ത്തിന്റെ നിലം നിറയ്ക്കാൻ.

ഒന്നേയുള്ളൂ ആവർത്തിക്കാൻ.

നന്മയും തിന്മയും ഒരിക്കലും സമമാവുകയില്ല. നന്മയുടെ ഫലം കായ്ക്കുന്ന വൃക്ഷങ്ങളാകാൻ പരിശുദ്ധത്മാവിന്റെ കൃപ സമൃദ്ധമായി ലഭിക്കട്ടെ. ഇന്നിനി പാടാൻ ഈ പാട്ട് മതി....

'ആറിപ്പോയതിൽ ചൂടു നൽകുക, വാടുന്നേതും നനയ്ക്കുക....'



▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com